# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ - അനുപമ റ്റി വി , ഐ എ എസ്)

വിഷയം — വനിത ശിശു വികസന വകുപ്പ് — ജീവനക്കാര്യം — വകുപ്പിലെ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയുടെ റേഷ്യോ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1. സ.ഉ.(പി) നം. 7/2016 ഫിൻ തീയതി 20.01.2016
2. സ.ഉ.(കൈ) നം. 23/2018/സാനീവ തീയതി 07.10.2018
3. സ.ഉ.(കൈ) നം. 23/2018/സാ.നീ.വ തീയതി 07/10/2018
4. വനിത ശിശു വികസന ഡയറക്ടറുടെ 09/08/2019 ലെ WCD – E3(1)-23353/2019 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ WCD-E4/ 3585/21 തീയതി- 16/02/2021**

സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി പരാമർശം (2) പ്രകാരം വനിത ശിശു വികസന വകുപ്പ് രൂപീകരിക്കുകയും പരാമർശം (3) പ്രകാരം വിവിധ തസ്തികകളുടെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം 117 ആണ്. പരാമർശം (4) പ്രകാരം 117 തസ്തികകൾ 14 ജില്ലകളിലായി നിജപ്പെടുത്തിയിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള പത്താം ശമ്പള കമ്മീഷൻ, ടൈപ്പിസ്റ്റ് തസ്തിക, സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ്/യു ഡി ടൈപ്പിസ്റ്റ് / എൽ .ഡി ടൈപ്പിസ്റ്റ് 1:1:1:1 എന്ന അനുപാതത്തിൽ നിശ്ചയിട്ടുണ്ട്. ഇതിൻപ്രകാരം വനിത ശിശു വികസന വകപ്പിൽ 29 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക , 29 സീനിയർ ഗ്രേഡ് തസ്തിക , 29 യു ഡി ടൈപ്പിസ്റ്റ് തസ്തിക , 30 എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക എന്ന അനുപാതത്തിലാണുള്ളത്. പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ ഓരോ ജില്ലയിലെയും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല . ഓരോ ജില്ലയിലെയും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം നിർണ്ണയിച്ചാൽ മാത്രമേ എൽ.ഡി ടൈപിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കാൻ കഴിയുകയുള്ളൂ .ആയതിനാൽ സെലക്ഷൻ ഗ്രേഡ് / സീനിയർ ഗ്രേഡ് / യു ഡി ടൈപ്പിസ്റ്റ് തസ്തിക സ്റ്റേറ്റ് അടിസ്ഥാനത്തിലും

എൽ ഡി ടൈപ്പിസ്റ്റ് തസ്തിക ചുവടെ പറയും പ്രകാരം ജില്ലാടിസ്ഥാനത്തിലും നിജപ്പെടുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ക്രമീകരിച്ച എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 (HQ)<br>2 (ജില്ല)<br>ആകെ- 5 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 1 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 3 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 1 |
| 14 | കാസർഗോഡ് | 1 |
| | ആകെ | 30 |

വകുപ്പ് വിഭജനത്തിന്റെ ഭാഗമായി ഇരു വകുപ്പുകളിലേയ്ക്കും ജീവനക്കാരെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ പുനർ വിന്യസിച്ചതിന്റെയും എൽ.ഡി ടൈപ്പിസ്റ്റ് നിയമനം ജില്ലാടിസ്ഥാനത്തിലുള്ളതുമായതിനാൽ നിലവിൽ വിവിധ ജില്ലകളിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണം മേൽ പറഞ്ഞതു പ്രകാരം ഘട്ടം ഘട്ടമായി ക്രമപ്പെടുത്തുന്നതാണ്.

( ഒപ്പ് )

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
E1 മുതൽ E9 വരെ
സ്റ്റോക്ക്ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്